**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2270** **21-06-2024 - ൽ മറുപടിയ്ക്ക്**

**നിത്യോപയോഗ സാധനങ്ങളുടെ വിലക്കയറ്റം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. വി. ഇബ്രാഹിം ,<br>ശ്രീ. കുറുക്കോളി മൊയ്തീൻ,<br>ശ്രീ. പി. ഉബൈദുള്ള ,<br>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ | | ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | നിത്യോപയോഗ സാധനങ്ങളുടെ വിലക്കയറ്റം ഉണ്ടാകുന്നതിന്റെ കാരണങ്ങൾ പരിശോധിച്ചിട്ടുണ്ടോ; | (എ) | ഇന്ധന വില വർദ്ധനവ്, പ്രളയം, വരൾച്ച, കാർഷിക മേഖലയിലെ പ്രശ്നങ്ങൾ, പൊതുവിപണിയിലെ പൂഴ്ത്തിവയ്പ്പും കരിഞ്ചന്തയും മൂലമുള്ള കൃത്രിമ ക്ഷാമം എന്നിങ്ങനെ വിവിധ കാരണങ്ങൾ നിത്യോപയോഗ സാധനങ്ങളുടെ വില വർദ്ധനവിന് കാരണമാകാറുണ്ട്. ഇന്ധന വിലവർദ്ധനവും കാർഷിക മേഖലയിലെ ഉൽപ്പാദന മാന്ദ്യവും നിമിത്തം രാജ്യത്താകമാനം അവശ്യസാധനങ്ങളുടെ വിലയിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ടെങ്കിലും, താരതമ്യേന ഉപഭോക്തൃ സംസ്ഥാനമായ കേരളത്തിൽ താൽക്കാലികമായി നേരിയ വില വർദ്ധന ഉണ്ടായതല്ലാതെ വൻ തോതിലുള്ള വിലക്കയറ്റം പ്രകടമായിട്ടില്ല. മുളക് ഉൾപ്പെടെയുള്ള അവശ്യ വസ്തുക്കളുടെ വില കേരളത്തിൽ കുറഞ്ഞു വരുന്നതായി കാണാവുന്നതാണ്. |
| (ബി) | പൊതുവിപണിയിലെ കരിഞ്ചന്തയും പൂഴ്ത്തിവയ്പ്പും തടയാൻ സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ വിശദമാക്കുമോ; | (ബി) | ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ പൊതുവിതരണ വകുപ്പ് ഉദ്യോഗസ്ഥർ പൊതുവിപണിയിലെ കടകളിൽ പരിശോധനകൾ നടത്തുകയും വിലവിവര പട്ടിക പ്രദർശിപ്പിക്കാത്ത കടകൾക്കെതിരെ നടപടികൾ സ്വീകരിച്ച് വരികയും ചെയ്യുന്നു.<br><br>ഉത്സവ സീസണുകളിൽ പൊതു വിതരണ വകുപ്പ്, ലീഗൽ മെട്രോളജി, ഭക്ഷ്യ സുരക്ഷാ വകുപ്പ് എന്നീ വകുപ്പുകൾ ചേർന്ന് പ്രത്യേക സ്ക്വാഡ് രൂപീകരിച്ച് ശക്തമായ പൊതുവിപണി പരിശോധനകൾ നടത്തുകയും അപ്രകാരം നടത്തുന്ന പരിശോധനയിൽ കണ്ടെത്തുന്ന ക്രമക്കേടുകൾക്ക് വ്യാപാരികൾക്കെതിരെ നോട്ടീസ് നൽകി നടപടി സ്വീകരിക്കുകയും ചെയ്യുന്നതാണ്. |

| | | | |
|---|---|---|---|
| | | | കരിഞ്ചന്തയും, പൂഴ്ത്തിവയ്പ്പും തടയുന്നതിന് ജില്ല/ താലൂക്ക് തലത്തിൽ പരിശോധനകൾ നടത്തി ക്രമക്കേടുകൾ കണ്ടെത്തുകയാണെങ്കിൽ അവശ്യസാധന നിയമ പ്രകാരം കേസ് എടുക്കുന്നതിന് കളക്ടർക്ക് ശിപാർശ നല്കുന്നതാണ്. |
| (സി) | വിലക്കയറ്റം നിയന്ത്രിക്കുന്നതിന് വിപണിയിൽ എതെല്ലാം രീതിയിൽ ഇടപെടുന്നതിനാണ് ഉദ്ദേശിക്കുന്നത് എന്നറിയിക്കാമോ? | (സി) | പൊതുവിപണിയിൽ വിലക്കയറ്റം നിയന്ത്രിക്കുന്നതിനായി സപ്ലൈകോ വില്പന ശാലകൾ വഴി 13 ഇനം അവശ്യ സാധനങ്ങൾ സബ്സിഡി നിരക്കിൽ വിൽപ്പന നടത്തി വരുന്നു. 2016 മുതൽ പ്രാബല്യത്തിൽ വന്ന സബ്സിഡി നിരക്ക് 2024 ഫെബ്രുവരി 20 വരെ വർദ്ധിപ്പിച്ചിരുന്നില്ല. പൊതു വിപണി യേക്കാൾ 28 മുതൽ 74 ശതമാനം വരെ വിലക്കുറവിലാണ് സപ്ലൈകോ ഈ 13 ഇനം സബ്സിഡി സാധനങ്ങൾ വിൽപ്പന നടത്തിയിരുന്നത്. പ്രതിമാസം ശരാശരി 35 ലക്ഷത്തിലധികം റേഷൻ കാർഡുടമകൾ ഈ സബ്സിഡി പദ്ധതി പ്രയോജനപ്പെടുത്തിയിരുന്നു. 2022-23 സാമ്പത്തിക വർഷത്തിൽ ആകെ 585.97 കോടി രൂപയുടെ (പ്രതിമാസം ശരാശരി 48.83 കോടി രൂപയുടെ) പ്രയോജനം സബ്സിഡിയുടെ രൂപത്തിൽ സപ്ലൈകോ ഉപഭോക്താക്കളായ റേഷൻ കാർഡ് ഉടമകൾക്ക് ലഭിച്ചിരുന്നു. 2023-24 സാമ്പത്തിക വർഷത്തിൽ ഇത് 346.534 കോടി രൂപയാണ് (പ്രതിമാസം ശരാശരി 28.88 കോടി രൂപ). വിശദാംശങ്ങൾ **അനുബന്ധം I** ആയി ചേർക്കുന്നു.<br><br>16-02-2024 തീയതിയിലെ സ.ഉ.(കൈ) നം.3/2024/F&CS നമ്പർ സർക്കാർ ഉത്തരവ് പ്രകാരം 13 ഇനം സബ്സിഡി സാധനങ്ങളുടെ വിൽപ്പന വില കാലാനുസൃതമായി പരിഷ്കരിക്കുകയുണ്ടായി. കൂടുതൽ ജനങ്ങൾക്ക് സബ്സിഡി ആനുകൂല്യം ലഭ്യമാക്കുവാൻ ഇത് മൂലം സാധിക്കുന്നതാണ്. പൊതു വിപണിയിലെ വില വ്യതിയാനങ്ങൾക്ക് അനുസൃതമായി സബ്സിഡി വിലയും കാലാനുസൃതമായി പരിഷ്കരിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്.<br><br>സബ്സിഡി നിരക്കിൽ വിൽപ്പന നടത്തി വരുന്ന 13 ഇനം അവശ്യ സാധനങ്ങളുടെ പട്ടികയും അവയുടെ നിലവിലെ വില്പന വിലയും ഒരു റേഷൻ കാർഡിന് പ്രതിമാസം അനുവദനീയമായ പരമാവധി അളവും **അനുബന്ധം II** ആയി ചേർക്കുന്നു.<br><br>സപ്ലൈകോയുടെ സ്വന്തം ബ്രാൻഡായ ശബരി വെളിച്ചെണ്ണ സബ്സിഡി നിരക്കിലുള്ള 500 മില്ലി ലിറ്ററും സബ്സിഡി ഇതര 500 മില്ലി ലിറ്ററും ഒറ്റ |

പായ്ക്കറ്റിലാക്കിയാണ് നൽകി വരുന്നത്. ആയതിന്റെ 2024 ജൂൺ മാസത്തെ വിൽപ്പന വില 142.80 രൂപയാണ് .

പൊതുജനങ്ങൾക്ക് കുറഞ്ഞ വിലയിൽ നല്ലയിനം അരി ലഭ്യമാക്കുന്നതിന്റെ ഭാഗമായി സപ്ലൈകോ മുഖേന ശബരി കെ- റൈസ് എന്ന ബ്രാൻഡിലാണ് സബ്സിഡി നിരക്കിൽ ജയ അരി, കുറുവ അരി, മട്ട അരി എന്നിവ വിതരണം ചെയ്യുന്നത്.

ശബരി കെ- റൈസ് വിൽപ്പന വിലകൾ ചുവടെ ചേർക്കുന്നു.

ശബരി കെ- റൈസ് (ജയ അരി) – 1 കി.ഗ്രാമിന് 29 രൂപ

ശബരി കെ- റൈസ് (കുറുവ അരി) – 1 കി.ഗ്രാമിന് 30 രൂപ

ശബരി കെ- റൈസ് (മട്ട അരി) – 1 കി.ഗ്രാമിന് 30 രൂപ

നിലവിൽ റേഷൻകാർഡ് ഒന്നിന് പ്രതിമാസം 5 കിലോഗ്രാം വീതമാണ് ശബരി കെ-റൈസ് വിതരണം ചെയ്യുന്നത്. കൂടാതെ ലഭ്യതയ്ക്ക് അനുസരിച്ച് കാർഡൊന്നിന് 5 കി.ഗ്രാം പച്ചരിയും നൽകുന്നുണ്ട്.

സബ്സിഡിയിൽ വിൽക്കുന്ന ഉൽപ്പന്നങ്ങൾ ഉൾപ്പെടെ 41 ഇനം അവശ്യ ഭക്ഷ്യധാന്യങ്ങൾ പൊതു വിപണിയേക്കാൾ 10 മുതൽ 20 ശതമാനം വരെ വിലക്കുറച്ച് ഫ്രീസെയിൽ സബ്സിഡി നിരക്കിൽ പൊതു ജനങ്ങൾക്ക് ആവശ്യമായ അളവിൽ ലഭ്യമാക്കി വരുന്നു.

1. ഇത് കൂടാതെ ചായപ്പൊടി, മല്ലിപ്പൊടി, മുളക് പൊടി, മഞ്ഞൾപ്പൊടി, ആട്ട, മട്ട (ഉണ്ട) അരി, കുറുവ അരി എന്നീ ഉൽപ്പന്നങ്ങൾ സപ്ലൈകോയുടെ സ്വന്തം ബ്രാൻഡായ 'ശബരി' ബ്രാൻഡിൽ കർശന ഗുണ നിലവാര പരിശോധനയ്ക്ക് ശേഷം പൊതു വിപണി വിലയേക്കാൾ ഏകദേശം 20 മുതൽ 30 ശതമാനം വരെ വിലക്കുറവിൽ വിറ്റു വരുന്നു.
2. ഇതിനുപുറമേ മറ്റ് അവശ്യ സാധനങ്ങളും, FMCG ഉൽപ്പന്നങ്ങളും MRP യേക്കാൾ/ മാർക്കറ്റ് വിലയേക്കാൾ 5 മുതൽ 30% വരെ വിലക്കുറവിൽ പൊതുജനങ്ങൾക്ക് ലഭ്യമാക്കി വരുന്നു.

| | | | |
|---|---|---|---|
| | | | സപ്ലൈകോ സ്വീകരിച്ച ഈ നടപടികൾ മൂലം പൊതു വിപണിയിലുണ്ടാകുന്ന വിലക്കയറ്റം സാധാരണക്കാരിൽ അധിക ബാധ്യത ഏൽപ്പിക്കുന്നില്ലായെന്ന് ഉറപ്പാക്കാൻ സാധിക്കുന്നു. |

സെക്ഷൻ ഓഫീസർ

**അനുബന്ധം l**

| സാമ്പത്തിക വർഷം | സബ്സിഡി നിരക്കിലുള്ള ആകെ വിറ്റുവരവ് (കോടി രൂപ) | സബ്സിഡി വിൽപ്പനയിലൂടെ ജനങ്ങൾക്ക് ലഭ്യമായ ആനുകൂല്യം (കോടി രൂപ) |
|---|---|---|
| 2021-22 | 526.16 | 270.68 |
| 2022-23 | 841.23 | 585.97 |
| 2023-24 | 479.29 | 346.534 |

# അനുബന്ധം II

| ക്രമ നം. | ഇനം | സബ്സിഡി വിൽപ്പന വില (ജി.എസ്.റ്റി. പുറമേ) രൂപ | സബ്സിഡി നിരക്കിൽ ഒരു റേഷൻ കാർഡിന് പ്രതിമാസം നൽകാവുന്ന പരമാവധി അളവ് |
|---|---|---|---|
| 1 | ചെറുപയർ ( 1 കി.ഗ്രാം ) | 92 | 1 കിലോ ഗ്രാം |
| 2 | ഉഴുന്ന് ബോൾ ( 1 കി.ഗ്രാം ) | 95 | 1 കിലോ ഗ്രാം |
| 3 | വൻകടല ( 1 കി.ഗ്രാം ) | 69 | 1 കിലോ ഗ്രാം |
| 4 | വൻപയർ ( 1 കി.ഗ്രാം ) | 75 | 1 കിലോ ഗ്രാം |
| 5 | തുവരപ്പരിപ്പ് (1 കി.ഗ്രാം) | 111 | 1 കിലോ ഗ്രാം |
| 6 | മുളക് ( 500 ഗ്രാം ) | 75 | 500 ഗ്രാം |
| 7 | മല്ലി ( 500 ഗ്രാം ) | 39 | 500 ഗ്രാം |
| 8 | പഞ്ചസാര ( 1 കി.ഗ്രാം ) | 27 | 1 കിലോ ഗ്രാം |
| 9 | വെളിച്ചെണ്ണ ( 500 മില്ലി ലിറ്റർ ) | 55 | 500 മില്ലി ലിറ്റർ |
| 10 | ജയ അരി ( 1 കി.ഗ്രാം ) | 29 | എല്ലാ അരി ഇനങ്ങളും കൂടി പരമാവധി 10 കിലോ ഗ്രാം |
| 11 | കുറുവ അരി ( 1 കി.ഗ്രാം ) | 30 | |
| 12 | മട്ട അരി ( 1 കി.ഗ്രാം ) | 30 | |
| 13 | പച്ചരി ( 1 കി.ഗ്രാം ) | 26 | |
| നിയമാനുസൃത നികുതി ഈടാക്കുന്നതാണ്. കൂടാതെ പായ്ക്ക് ചെയ്തു നൽകുന്നവയ്ക്ക് പായ്ക്കിംഗ് ചാർജ്ജും ഈടാക്കുന്നതാണ്. | | | |